**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1512

03.05.2017-ൽ മറുപടിയ്ക്ക്

**ഹെൽമറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസിന് ടാർജറ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കൊടുംകുറ്റകൃത്യങ്ങൾ തടയാൻ പോലീസ് മടിച്ചു നിൽക്കുന്നതു മൂലം അവ നിത്യേന വർദ്ധിച്ചു വരുമ്പോഴും ഹെൽമെറ്റ് വേട്ടയ്ക്ക് പോലീസ് ശുഷ്ക്കാന്തി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് മടിച്ചു നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാത്രക്കാരന്റെ സുരക്ഷ മുൻ നിർത്തി ബഹു.കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകള ുടെയും നിലവിലെ നിയമങ്ങളുടെയും അടിസ്ഥാനത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും നിയമലംഘകർക്കു പിഴയും ചുമത്തുന്നത് നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രമാണ്. |
| (ബി) ഹെൽമറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസിന് ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) മറ്റു നിയമലംഘനങ്ങൾ സർവ്വസാധാരണമാവുമ്പോഴും ഇക്കാര്യത്തിൽ മാത്രം ശുഷ്കാന്തിയുണ്ടാവുന്നത് സർക്കാർ ഖജനാവിനും സ്വന്തം കീശയ്ക്കും വരുമാനം വർദ്ധിപ്പിക്കാൻ | (സി) ജനങ്ങൾക്ക് അങ്ങനെ ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹെൽമറ്റ് പരിശോധന നടത്തുന്നതിന് പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് 28.03.2012-ൽ നമ്പർ 06/2012 പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വേണ്ടിയാണെന്ന ആക്ഷേപം ജനങ്ങൾക്കിടയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | ഹെൽമെറ്റ് പരിശോധന വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണെന്ന ആക്ഷേപം അടിസ്ഥാന രഹിതമാണ്. |
| (ഡി) | എല്ലാത്തരം നിയമ ലംഘനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ? | (ഡി) | കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ